# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 നവംബർ 12**

---

## <u>പ്രഫ. രോഹൻ ഡിസൂസയുടെ പ്രഭാഷണം നാളെ</u>

*ജപ്പാനിലെ ക്യോട്ടോ സർവകലാശാലയിലെ ഗ്രാജ്വേറ്റ് സ്കൂൾ ഏഷ്യൻ ആന്റ് ആഫ്രിക്കൻ ഏരിയ സ്റ്റഡീസിലെ പ്രഫ. രോഹൻ ഡിസൂസ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നാളെ(നവംബർ 14) പ്രഭാഷണം നടത്തും. സെൻറർ ഫോർ ടെക്നോളജി ആന്റ് ഡവലപ്മെന്റൽ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ നിർമിത ബുദ്ധിയുടെയും നൂതന ഇൻന്റനെറ്റ് സാങ്കേതിക വിദ്യയുടെും യുഗത്തിൽ സാമൂഹ്യ, മാനവിക വിഷയങ്ങളിലെ ഗവേഷണ പഠനങ്ങളുടെ പ്രസക്തിയെക്കുറിച്ചാണ് അദ്ദേഹം സംസാരിക്കുക.*

*ഉച്ചകഴിഞ്ഞ് 2.30ന് സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റൽ സ്റ്റഡീസിലാണ് പ്രഭാഷണം.*

*(പി.ആർ.ഒ/39/1014/2024)*

## <u>പ്രാക്ടിക്കൽ</u>

*ആറാം സെമസ്റ്റർ ബി.കോം സിബിസിഎസ്എസ് (2009 മുതൽ 2012 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ഒക്ടോബർ 2024) പരീക്ഷയുടെ പ്രൊജക്ട് വൈവ വോസി പരീക്ഷ നവംബർ 14 ന് വെങ്ങോല, ജയ് ഭാരത് ആർടസ് ആന്റ് സയൻസ് കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

……….

*അഞ്ചാം സെമസ്റ്റർ ബി.വോക്ക് സസ്റ്റൈനബിൾ അഗ്രിക്കൾച്ചർ (പുതിയ സ്കീം- 2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 28 മുതൽ പാലാ സെൻറ് തോമസ് കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1015/2024)*

## <u>പരീക്ഷാ ഫലം</u>

*നാലാം സെമസ്റ്റർ ബി.ടെക്ക് സ്പെഷ്യൽ സപ്ലിമെന്ററി, മെഴ്സി ചാൻസ് (2010 മുതലുള്ള അഡ്മിഷനുകൾ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 18 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

*(പി.ആർ.ഒ/39/1016/2024)*

പബ്ലിക് റിലേഷൻസ് ഓഫീസർ